**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1044.** **05.02.2020 ൽ മറുപടിയ്ക്ക്**

**വ്യാജ സിഗരറ്റ് വിൽപ്പന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി.സി.ജോർജ്** | | **ശ്രീ.ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വ്യാജ സിഗരറ്റുകൾ വിൽക്കപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമാനുസൃത ആരോഗ്യ മുന്നറിയിപ്പോ ചിത്രങ്ങളോ ആലേഖനം ചെയ്യിട്ടില്ലാത്ത വ്യാജസിഗരറ്റുകൾ കണ്ടെത്തി കോട്പ ആക്റ്റ് പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | യുവാക്കളെയും വിദ്യാർത്ഥികളെയും ഉന്നംവച്ച് വിവിധ രുചിയിലും മണത്തിലും വിപണിയിൽ എത്തുന്ന ഇത്തരം സിഗരറ്റുകളിൽ കൂടിയ അളവിൽ ലഹരിവസ്തുക്കൾ ചേർത്തിട്ടുള്ളതിനാൽ ക്യാൻസർ ഉൾപ്പെടെയുള്ള മാരകരോഗങ്ങൾക്ക് കാരണമാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സിഗരറ്റിലടങ്ങിയിരിക്കുന്ന നിക്കോട്ടിനും മറ്റും ക്യാൻസറിന് കാരണമാകുമെന്ന് വിദഗ്ധർ അഭിപ്രായപ്പെട്ടിട്ടുള്ളതാണ്. ഇത്തരം കാര്യങ്ങളിൽ നടപടി സ്വീകരിക്കുന്നതിനായി ആരോഗ്യ വകുപ്പ്, ഭക്ഷ്യസുരക്ഷാവകുപ്പ് എന്നിവരുമായി ചേർന്ന് റെയിഡുകളും പരിശോധനകളും നടത്തിവരുന്നു. പുകയില ഉപയോഗത്തിന്റെ ദോഷവശങ്ങളെക്കുറിച്ച് അവബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. |
| (സി) | ഇത്തരം വ്യാജ സിഗരറ്റുകൾ കണ്ടുപിടിച്ച് നശിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വെളിപ്പെടുത്തുമോ? | (സി) | എക്സൈസ് ഇന്റലിജൻസ്, ഷാഡോ സംവിധാനങ്ങളുടെ സഹകരണത്തോടെ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തമാക്കിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽ വാഹന പരിശോധന ശക്തമാക്കിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ലേബർ ക്യാമ്പുകളിൽ നിരീക്ഷണവും പരിശോധനയും നടത്തിവരുന്നു. ട്രെയിനുകളിലും, റെയിൽവേ സ്റ്റേഷനുകളിലും, റെയിൽവേ പോലീസ്, ആർ.പി.എഫ്. എന്നിവരുടെ സഹകരണത്തോടെ പരിശോധനകൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ